ഭരണഭാഷ- മാതൃഭാഷ

ICDS/A6-7373/2020

വനിതശിശു വികസനഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി 30/12/2020
ഇ-മെയിൽ icdsasection@gmail.com
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് -സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാർ സ്കൂളുകളിൽ ഹാജരാവുന്നത് സംബന്ധിച്ച്.

സൂചന:സ്കൂളുകൾ തുറക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം

കോവിഡ്-19 മഹാമാരിയെ തുടർന്ന് സൈക്കോ സോഷ്യൽ പദ്ധതിയിലെ സ്കൂൾ കൗൺസിലർമാർ സ്തുത്യർഹമായ രീതിയിൽ DMHP യുമായി ബന്ധപ്പെട്ട് കോവിഡ് രോഗികൾക്കും,ക്വാറന്റെയിനിൽ കഴിയുന്നവർക്കും ടെലികൗൺസിലിംഗ് സേവനം നൽകി വരുന്നു.ലോക്ക് ഡൗൺ ഇളവുകൾ വന്നതിന് ശേഷം സ്കൂൾ കൗൺസിലർമാർ ഐസിഡിഎസ് ഓഫീസുകളിൽ ഹാജരായാണ് പ്രസ്തുത സേവനം നൽകിവന്നിരുന്നത്.

ജനുവരി 1 മുതൽ സ്കൂളുകൾ തുറക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്ന സാഹചര്യത്തിലും നേരിട്ടുള്ള ക്ലാസ്സുകൾ ലഭിക്കാത്തതിനാലും പരീക്ഷ അടുത്തുവന്നതിനാലും കുട്ടികൾ കടുത്ത മാനസിക പിരിമുറുക്കം അനുഭവിക്കുന്നതായി അറിയുന്നുണ്ട്. അതിനാൽ കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തുന്നതിനാവശ്യമായ കൗൺസിലിംഗും മറ്റു സേവനങ്ങളും യഥാസമയം അവർക്ക് ലഭിക്കേണ്ടതുണ്ട്.ആയതിനാൽ സ്കൂൾ കൗൺസിലർമാർ സ്കൂൾ പ്രവർത്തിദിവസങ്ങളിൽ സ്കൂളുകളിൽ ഹാജരായി കൗൺസിലിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് നിർദ്ദേശിക്കുന്നു.

കോവിഡുമായിബന്ധപ്പെട്ട് സ്കൂൾ കൗൺസിലർമാർ DMHP മുഖേന ടെലികൗൺസിലിംഗ് ചെയ്തുവരുന്ന സാഹചര്യത്തിൽ DMHP മുഖേനയുള്ള ഫോൺകോളുകളുടെ എണ്ണം കുറക്കുക അല്ലെങ്കിൽ DMHP മുഖേനയുള്ള ജോലി ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമായി പരിമിതപ്പെടുത്തുക തുടങ്ങി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് ജില്ല വനിത ശിശുവികസന ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. DMHP

നോഡൽ ഓഫീസർ, DD(വിദ്യാഭ്യാസം) എന്നിവരുമായി ഇക്കാര്യം ജില്ലാതലത്തിൽ ചർച്ച ചെയ്യുവേണം തീരുമാനിക്കാൻ.

സ്കൂളുകളിൽ കൗൺസിലിംഗ് പ്രവർത്തനങ്ങൾ സർക്കാർ സമയാസമയങ്ങളിൽ നൽകുന്ന കോവിഡ് നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മാത്രം നടത്തേണ്ടതാണ്. മേൽപ്രവർത്തനങ്ങളെല്ലാം CDPO,DCPO,DWCDO എന്നിവർ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

1)എല്ലാ ജില്ലാ വനിത ശിശുവികസനഓഫീസർമാർക്കും

2) എല്ലാ ജില്ലാ ശിശുസംരക്ഷണഓഫീസർമാർക്കും

3) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

4) കരുതൽ സഞ്ചയം